**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1625** **05-07-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിൽ കാലവർഷക്കെടുതിയിലുണ്ടായ നെൽകൃഷി നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽ എത്ര ഏക്കർ നെൽകൃഷി നശിക്കുകയുണ്ടായി; നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എത്ര രൂപയുടെ കൃഷി നാശമാണ് ഉണ്ടായതെന്ന് അറിയിക്കാമോ; | (എ) | **മണലൂർ മണ്ഡലത്തിൽ താനാപാടം, ചാത്തൻകുളങ്ങര, കാഞ്ഞാംകോൾ, ആല്പപാട് പുള്ള് പാടശേഖരങ്ങളിലായി 46.6525 ഏക്കർ നെൽകൃഷി നശിക്കുകയുണ്ടായി. മേൽ പരാമർശിച്ചിട്ടുള്ള പാടശേഖരങ്ങളിലായി 13,06,586/- രൂപയുടെ കൃഷിനാശമാണ് ഉണ്ടായിട്ടുള്ളത്. ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ (മെയ് 2022) വെങ്കിടങ്ങ് കൃഷിഭവന് കീഴിലുള്ള ഇരിപ്പ് കൃഷി ചെയ്ത വടക്കേകോഞ്ചിറ, തെക്കേകോഞ്ചിറ എന്നീ പാടശേഖരങ്ങളിൽ കൃഷിനാശം ഉണ്ടായിട്ടുണ്ട്. വടക്കേകോഞ്ചിറ പാടശേഖരത്തിൽ 310 ഏക്കറിലും തെക്കേകോഞ്ചിറ പാടശേഖരത്തിൽ 172 ഏക്കറിലുമാണ് കൃഷിനാശമുണ്ടായിട്ടുള്ളത്.** |
| (ബി) | നെൽ കർഷകർക്കുണ്ടായ നാശനഷ്ടം നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | നഷ്ടപരിഹാരത്തിനായി എയിംസ് പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷകളിൽ സ്ഥല പരിശോധന നടത്തുകയും ക്ലെയിമുകൾ അംഗീകരിച്ച് തുക നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ